പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:6762   04.04.2018 ൽ മറുപടിയ്ക്ക്

## മറയൂർ വില്ലേജിലെ ഭൂമി

| ചോദ്യം<br>ശ്രീ.ആർ. രാമചന്ദ്രൻ | മറുപടി<br>ശ്രീ.ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
|---|---|

| | | |
|---|---|---|
| (എ) | ആലപ്പുഴ പൂച്ചാക്കൽ സുകുമാരവെളിയിൽ ഫൽഗുണൻ എന്നയാൾക്ക് മറയൂർ വില്ലേജിൽ പതിച്ച നൽകിയിട്ടുള്ള LA No.1/95/മറയൂർ പട്ടയപ്രകാരമുള്ള 0.4047 ഹെക്ടർ ഭൂമി നിലവിൽ ആരുടെ കൈവശമാണെന്ന് അറിയിക്കുമോ; ഈ വസ്തു അലക്സ് പുന്നശ്ശേരി മുതൽ പേർക്ക് കൈമാറ്റം ചെയ്തതായി അറിവുണ്ടോ; ആ വസ്തു പോക്ക് വരവ് ചെയ്തുനൽകിയിട്ടുണ്ടോ; നിലവിലെ അവസ്ഥ വ്യക്തമാക്കുമോ; | (എ) ശ്രീ.ഫൽഗുനൻ, സുകുമാരവെളിയിൽ, പൂച്ചാക്കൽ, ചേർത്തല എന്നയാളുടെ പേരിൽ അനുവദിച്ചിരുന്ന മറയൂർ വില്ലേജിൽ 1995 ൽ എൽ.എ 1/1995 ആയി 40.47 ആർ (ഒരു ഏക്കർ) ഭൂമി കൈമാറ്റം വഴി നിലവിൽ ശ്രീ. വിൻസന്റ് പുന്നശ്ശേരി, ശ്രീ.അലക്സ് പുന്നശ്ശേരി എന്നിവർക്ക് ലഭിച്ചിരുന്നതാണ്. ടി ഭൂമി ഇവരുടെ പേരിൽ പോക്കുവരവ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിൽ ഡബ്ല്യു.പി(സി) നം.10006/17 നമ്പരായി കേസ് ഫയൽ ചെയ്തിട്ടുള്ളതും, ടി കേസിലെ വിധിന്യായം പ്രകാരം ടി വിഷയത്തിൽ മൂന്ന് ആഴ്ചയ്ക്കുള്ളിൽ തീരുമാനമെടുക്കുന്നതിന് ദേവികുളം തഹസിൽദാർക്ക് ഉത്തരവുണ്ടായിരുന്നു. ആയത് പ്രകാരം ശ്രീ. ഫൽഗുനൻ സുകുമാരവെളിയിൽ, പൂച്ചാക്കൽ, ചേർത്തല എന്നയാളുടെ പേരിൽ അനുവദിച്ചിരുന്ന മറയൂർ വില്ലേജിൽ 1995 ൽ എൽ.എ 1/1995 പട്ടയം (ടിയാന്റെ പേരിൽ തന്നെ പീരുമേട് താലൂക്കിൽ ഭൂമി അനുവദിച്ചിരുന്നതിനാൽ) ശ്രീ.വിൻസന്റ് പുന്നശ്ശേരി, ശ്രീ.അലക്സ് പുന്നശ്ശേരി എന്നിവരുടെ പേരിലേക്ക് പോക്കുവരവ് ചെയ്യുവാൻ കഴിയുകയില്ല എന്ന് കാണിച്ച് ദേവികുളം തഹസിൽദാർ നിരസിച്ചിട്ടുള്ളതാണ്. |
| (ബി) | മേൽ സൂചിപ്പിച്ച ഫൽഗുണൻ എന്നയാൾ പേരിൽ കൈവശമുള്ള സ്ഥലത്തിന്റെയും, ആയത് എപ്രകാരം ലഭിച്ചു എന്നതിന്റെയും LA No.1/95/മറയൂർ പട്ടയപ്രകാരമുള്ള ഭൂമിയല്ലാതെ മറ്റേതെങ്കിലും സർക്കാർ ഭൂമി അനുവദിച്ചു നൽകിയിട്ടുണ്ടോയെന്നും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ; | (ബി) പുന്നപ്ര – വയലാർ സമരത്തിൽ പങ്കെടുത്ത ജാനകി, സുകുമാര വെളിയിൽ, പൂച്ചാക്കൽ, ചേർത്തല എന്നയാളുടെ മകനാണ് ശ്രീ.ഫൽഗുനൻ സുകുമാരവെളിയിൽ, പൂച്ചാക്കൽ, ചേർത്തല എന്നയാൾ ശ്രീമതി.ജാനകിയ്ക്ക് കൊല്ലം ജില്ലയിൽ ആദ്യം സർക്കാരിൽ നിന്നും ഭൂമി അനുവദിച്ചിരുന്നെങ്കിലും പരിസരവാസികളുടെ എതിർപ്പ് മൂലം നൽകുവാൻ കഴിഞ്ഞില്ല. അതിനു |

| | | |
|---|---|---|
| | സി. LA No.1/95/മറയൂർ പട്ടയ ഭൂമി സംബന്ധിച്ച് ഹൈക്കോടതി നിർദ്ദേശമോ വിധിയോ ഉണ്ടായിട്ടുണ്ടോ എന്നും ഇടുക്കി ജില്ലാ കളക്ടർ ഈ സ്ഥലം സംബന്ധിച്ച് എന്തെങ്കിലും ഉത്തരവ് നൽകിയിട്ടുണ്ടോ എന്നും, എങ്കിൽ പ്രസ്തുത ഉത്തരവുകളിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | പകരമായി 1990 ൽ ദേവികുളം താലൂക്കിലെ മാങ്കുളത്ത് ടിയാൾക്ക് പ്ലോട്ട് അനുവദിക്കുകയുണ്ടായി. പിന്നീട് ശ്രീമതി. ജാനകി മരിച്ചു പോയതിനാൽ ടിയാളുടെ അനന്തരാവകാശിയായ ശ്രീ.ഫൽഗുനന്റെ പേരിൽ പട്ടയനടപടി അരംഭിച്ചിരുന്നതും തുക അടച്ചിരുന്നതുമാണ്. എന്നാൽ ടി ഭൂമിയിലെ അനധികൃത പ്രവേശനം ഒഴിപ്പിക്കാൻ കഴിയാഞ്ഞതിനാൽ ടി ഭൂമി പട്ടയം കൊടുത്ത് കക്ഷിയ്ക്ക് ഏൽപ്പിക്കുവാൻ കഴിഞ്ഞില്ല. ആയതിനാൽ ദേവികുളം തഹസിൽദാർ ടിയാന് മറയൂർ വില്ലേജിൽ 1995 ൽ എൽ.എ 1/1995 ആയി 40.47 ആർ (ഒരു ഏക്കർ) ഭൂമി റീസർവെ നമ്പർ 277/1 (സർക്കാർ പുറമ്പോക്ക്) പട്ടയം നൽകിയിരുന്നതാണ്. എന്നാൽ വനം വകുപ്പ് ടി ഭൂമിയിൽ യൂക്കാലിപ്റ്റസ് നട്ടിരുന്നതിനാൽ യഥാസമയം പട്ടയ ഭൂമി കക്ഷിയ്ക്ക് കൈമാറാൻ സാധിച്ചിരുന്നില്ല. ആയതിനാൽ വേറെ ഭൂമി കണ്ടെത്തണമെന്ന് ദേവികുളം തഹസിൽദാർ ആവശ്യപ്പെട്ടതിനെത്തുടർന്ന് 2003 ൽ പീരുമേട് താലൂക്കിൽ മഞ്ചുമല വില്ലേജിൽ സർവെ നമ്പർ 167/1 ൽ 0.80.94 ഹെക്ടർ ഭൂമി ടിയാൾക്ക് അനുവദിക്കുകയുണ്ടായി. എൽ.എ 1/1995/മറയൂർ പട്ടയഭൂമിയുടെ പോക്കുവരവ് സംബന്ധിച്ച് ഖണ്ഡിക (എ) യിൽ പരാമർശിച്ച കേസുണ്ടായിരുന്നു. |
| (സി) | പീരുമേട് താലൂക്കിൽ മഞ്ചുമല വില്ലേജിൽ സർവെ 167/21 ൽ ഉൾപ്പെടുന്ന രണ്ടേക്കർ വസ്തു ആരുടെ കൈവശമാണെന്നും, ഈ വസ്തു ടിയാന് എപ്രകാരം ലഭിച്ചതാണെന്നും എന്തടിസ്ഥാനത്തിലാണ് ലഭിച്ചതെന്നും വ്യക്തമാക്കുമോ; | (സി) പീരുമേട് താലൂക്കിൽ 04.03.2003 ൽ ശ്രീ.ഫൽഗുനന് മഞ്ചുമല വില്ലേജിൽ സർവെ നമ്പർ 167/1 ൽ 0.80.94 ഹെക്ടർ ഭൂമി അനുവദിക്കുകയുണ്ടായി. ടിയാൻ പിന്നീട് ഈ ഭൂമി കൈമാറ്റം ചെയ്തു. നിലവിൽ ടി ഭൂമി ശ്രീ.ഫൽഗുനന്റെ തന്നെ കുടുംബാംഗമായ ശ്രീ.ദിലീപ് S/o വിശ്വനാഥൻ, സുകുമാരവെളിയിൽ, പൂച്ചാക്കൽ, ചേർത്തല എന്നയാളുടെ പേരിലും കരം തീരുവയിലുമാണ്.<br>മറയൂർ വില്ലേജിൽ 1995 ൽ എൽ.എ 1/1995 ആയി 40.47 ആർ (ഒരു ഹെക്ടർ) ഭൂമി റീസർവെ നമ്പർ 277/1 (സർക്കാർ പുറമ്പോക്ക്) പട്ടയം നൽകിയിരുന്നതാണ്. എന്നാൽ വനം വകുപ്പ് ടി ഭൂമിയിൽ യൂക്കാലിപ്റ്റസ് നട്ടിരുന്നതിനാൽ യഥാസമയം പട്ടയഭൂമി കക്ഷിയ്ക്ക് കൈമാറാൻ സാധിച്ചിരുന്നില്ലെന്ന് ദേവികുളം തഹസിൽദാർ റിപ്പോർട്ട് ചെയ്തതിനെ തുടർന്നാണ് പീരുമേട് താലൂക്കിൽ ഭൂമി അനുവദിച്ചത്. പീരുമേട് താലൂക്കിൽ ഭൂമി അനുവദിക്കുന്ന മുറയ്ക്ക് ദേവികുളം താലൂക്കിൽ മറയൂർ വില്ലേജിൽ അനുവദിച്ച ഭൂമിയ്ക്കുള്ള പട്ടയം റദ്ദ് |

| | | |
|---|---|---|
| | | ചെയ്യണമെന്ന് ദേവികുളം തഹസിൽദാർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ശ്രീ.ഫൽഗുനന്റെ പട്ടയം റദ്ദ് ചെയ്യുന്നതിന് മുമ്പ് ടിയാൻ പോക്കുവരവ് ചെയ്ത് തണ്ടപ്പേർ പിടിച്ച് കരം അടയ്ക്കുകയും പിന്നീട് ടി വസ്തു കൈമാറ്റം ചെയ്തിട്ടുമുള്ളതാണ്. |
| (ഡി) | പ്രസ്തുത ഭൂമി അനധികൃതമായാണ് ഇയാൾക്ക് ലഭിച്ചതെങ്കിൽ ആയത് റദ്ദ് ചെയ്ത് സർക്കാർ ഭൂമിയാക്കുന്നതിന് നടപി സ്വീകരിക്കുമോ എന്നറിയിക്കുമോ; | (ഡി) ടിയാൻ അനധികൃതമായി ഭൂമി കൈക്കലാക്കുകയും കൈമാറ്റം ചെയ്തതിനാൽ, ടി പട്ടയം റദ്ദ് ചെയ്ത് ഭൂമി തിരിച്ച് പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതാണ്. |
| (ഇ) | പട്ടയ നമ്പർ എൽ എ 1/95/മറയൂർ എന്ന ഭൂമി നിലവിലെ അവകാശിയായ അലക്സ് പുന്നശ്ശേരി മുതൽ പേർക്ക് പോക്ക് വരവ് ചെയ്ത് നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) മറയൂർ വില്ലേജിലെ പട്ടയനമ്പർ 1/95 നമ്പർ പട്ടയം റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചതാണ് . ശ്രീ. വിൻസന്റ് പുന്നശ്ശേരി, ശ്രീ.അലക്സ് പുന്നശ്ശേരി എന്നിവരുടെ പേരിൽ പോക്കുവരവ് ചെയ്യുവാൻ കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ